# കൂടുതൽ വിളകൾക്ക് ദേശസൂചകപദവി ലഭിക്കുന്നത് കാർഷികമേഖലയെ ശക്തമാക്കും -മന്ത്രി

**കൊടുങ്ങല്ലൂർ ▸** കാർഷികവിളകൾ ദേശസൂചകപദവി കരസ്ഥമാക്കുന്നതിലൂടെ കാർഷികരംഗത്ത് വലിയ മാറ്റങ്ങളാണ് ഉണ്ടാകുന്നതെന്ന് കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു. കൊടുങ്ങല്ലൂർ പൊട്ടുവെള്ളരിയുടെ ദേശസൂചകസംരക്ഷണം ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പൊട്ടുവെള്ളരി മാത്രമല്ല മറ്റു ഇരുപതോളം കാർഷികവിളകൾ ദേശസൂചകപദവി നേടുന്നതിനുള്ള ഗവേഷണങ്ങളും പഠനവും നടന്നുവരികയാണ്. കേരളത്തിന്റെ വിത്ത് മറ്റാർക്കും വിട്ടുനൽകില്ലെന്നും പരമ്പരാഗത കൃഷികളുടെ വിത്തുകൾ ശേഖരിച്ച് കർഷകരിലേക്ക് എത്തിക്കുന്നതിന് കാർഷിക സർവകലാശാലയിലെ വിത്ത് ബാങ്കിനെ ശക്തിപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ വി.ആർ. സുനിൽകുമാർ എം.എൽ.എ. അധ്യക്ഷനായി. ഇ.ടി. ടൈസൺ എം.എൽ.എ., കെ.ആർ. ജൈത്രൻ, വർഗീസ് കാച്ചപ്പിള്ളി, പി.കെ. സുകുമാരൻ, ഡോ. എൽസി, ഡോ. പി. ഇന്ദിരാദേവി, എ. കല തുടങ്ങിയവർ പ്രസംഗിച്ചു.



കൊടുങ്ങല്ലൂർ പൊട്ടുവെള്ളരിയുടെ ദേശസൂചകസംരക്ഷണം ഏകദിന ശില്പശാല മന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു

## പൊട്ടുവെള്ളരി ദേശസൂചക സംരക്ഷണപദവി- പഠന ഗവേഷണത്തിന് തുടക്കം

**കൊടുങ്ങല്ലൂർ ▸** തീരദേശത്തിന്റെ പാടശേഖരങ്ങളിൽ വിളവെടുക്കുന്ന പൊട്ടുവെള്ളരിയുടെ ദേശസൂചകസംരക്ഷണത്തിന് തുടക്കമായി. ഇതോടെ കാർഷിക സർവകലാശാലയിലെ ബൗദ്ധിക സ്വത്തവകാശ സെല്ലിന്റെ നേതൃത്വത്തിൽ ദേശസൂചകപദവി നേടിക്കഴിഞ്ഞ എട്ട് കേരളീയ കാർഷിക ഉത്പന്നങ്ങളുടെ പട്ടികയിലേക്ക് പൊട്ടുവെള്ളരിയും സ്ഥാനംപിടിക്കാനൊരുങ്ങുകയാണ്.



വിപണിയിലെത്തിയ പൊട്ടുവെള്ളരി

കാർഷിക സർവകലാശാലയുടെ ബൗദ്ധിക സ്വത്തവകാശ വിഭാഗം മേധാവി ഡോ. എൽസിയുടെ നേതൃത്വത്തിലാണ് കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി എന്ന പേരിൽ തനത് ജൈവ ബ്രാൻഡിനുള്ള ഒരുക്കങ്ങൾ തുടങ്ങിയത്. കൊടുങ്ങല്ലൂരിന്റെ പടിഞ്ഞാറൻ മേഖലകളിലെ കൊയ്ത്ത് കഴിഞ്ഞ പാടശേഖരങ്ങളിൽ വേനൽക്കാലകൃഷിയായാണ് പൊട്ടുവെള്ളരികൃഷി നടന്നുവരുന്നത്. ഡിസംബർ മാസത്തോടെ വിളവെടുപ്പ് തുടങ്ങുന്ന പൊട്ടുവെള്ളരി വിവിധപ്രദേശങ്ങളിലേക്ക് വൻതോതിൽ കയറ്റി അയയ്ക്കാറുണ്ട്.

പ്രാഥമികപഠനം പൂർത്തിയായ സാഹചര്യത്തിൽ ഇനി പൊട്ടുവെള്ളരിയുടെ ഗുണമേന്മ ശാസ്ത്രീയമായി തെളിയിക്കണം. ഒപ്പം പൊട്ടുവെള്ളരിയുടെ ജനിതകചരിത്രവും കണ്ടെത്തി പഠന റിപ്പോർട്ട് സമർപ്പിക്കുന്നതോടെ പ്രകൃതിദത്ത ഉത്പന്നങ്ങൾക്ക് നൽകുന്ന ദേശസൂചക സംരക്ഷണപദവി ലഭിക്കുമെന്നാണ് പ്രതീക്ഷ.